ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും തുടർന്നുള്ള ഘട്ടങ്ങളിൽ ഫീസിബിലിറ്റിയ്ക്കനുസൃതമായി ടി തുറമുഖം വികസിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാന മെടുക്കാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് അഴീക്കൽ തുറമുഖ വികസനം സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. തുറമുഖ വികസനത്തിനായി കേന്ദ്ര സഹായം ഒന്നും ലഭിച്ചിട്ടില്ല.

സ്പോർട്സ് താരങ്ങൾക്കുള്ള സാമ്പത്തിക സഹായം

29 (*599) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) ധനസഹായങ്ങളും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസംവഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയും A/c Payee ചെക്ക് മുഖേനയുമാണ് വിതരണം ചെയ്യുന്നത്.

(ബി & സി) കായികതാരങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളും സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് ഗ്രാന്റും മറ്റു സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസംവഴി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കാനുള്ള പദ്ധതി

30 (*600) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഉപയോഗിക്കാനുള്ള പദ്ധതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്തുമോ ;

(സി) ഇത് പ്രാവർത്തികമാക്കുന്നതിനായി രൂപീകരിക്കുന്ന കമ്പനിയുടെ ഘടനയും പ്രവർത്തനവും മൂലധനവും സംബന്ധിച്ച് വിശദമാക്കുമോ ;

(ഡി) മൂലധനം ഏതെല്ലാം നിലയിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു ;

(ഇ) ഈ പദ്ധതിക്ക് തന്നാണ്ടിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

(ബി) വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്പ്മെന്റ്" എന്ന കമ്പനി രൂപീകരിച്ച് അവരുടെ വിദഗ്ദ്ധ സേവനം വിവിധ വികസന മേഖലകളിൽ ഉപയോഗപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങി ഏത് മേഖലയിലും ഇവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പുതിയ മേഖലകളിലെ സാധ്യതകളും നവീന ആശയങ്ങളും കണ്ടെത്തി അതിൽ ഇടപെടുകവഴി സേവനമേഖല കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

(സി) 1. നിർദ്ദിഷ്ട കമ്പനിയുടെ ചെയർമാൻ ആസൂത്രണ വകുപ്പ് മന്ത്രിയും വൈസ് ചെയർമാൻ ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് സെക്രട്ടറിയും ആയിരിക്കും. കമ്പനിയുടെ നടത്തിപ്പിന് മൂന്നിൽ കുറയാതെയും ഒൻപതിൽ കൂടാതെയുമുള്ള ഡയറക്ടർമാർ ഉൾപ്പെടുന്ന ബോർഡ് ഉണ്ടായിരിക്കുന്നതാണ്. സാമൂഹ്യ പ്രതിബദ്ധതയും ദീർഘവീക്ഷണവും സർഗ്ഗശേഷിയും ഉള്ള വിരമിച്ച ഒരാളെ കമ്പനിയുടെ മാനേജിംഗ് ഡറയക്ടറായി ഡയറക്ടർ ബോർഡ് നിയമിക്കും.

2. കമ്പനിയുടെ ഓഹരി ഉടമകളായിട്ടുള്ളവരുടെ വിദഗ്ദ്ധസേവനം ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതാണ്. ടെക്നീഷ്യന്മാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ, സാമ്പത്തിക വിദഗ്ദ്ധർ, സെയിൽസ്മാൻമാർ, അക്കൗണ്ടന്റുമാർ തുടങ്ങി വിവിധ മേഖലകളിൽ കൺസൾട്ടൻസി സേവനം കമ്പനിയിൽ നിന്നും ലഭ്യമാക്കുകയും യോഗങ്ങൾ സംഘടിപ്പിക്കുക, നിയമന ഏജന്റായി പ്രവർത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കമ്പനി നടത്തുകയും ചെയ്യുന്നതാണ്.

3. കമ്പനിയുടെ ഓഹരി മൂലധനം 200 കോടി രൂപയാണ്.

(ഡി) സർക്കാർ സർവ്വീസിൽ/സ്വകാര്യ മേഖലയിൽ നിന്ന് വിരമിച്ചവരിൽ നിന്നും ഓഹരി മൂലധനം സ്വരൂപിക്കും. കമ്പനിയിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം 26 ശതമാനത്തിൽ കുറയാതെ ഉണ്ടായിരിക്കുന്നതാണ്.

(ഇ) തന്നാണ്ടിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly